"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**ഇ&ഐ.ടി. വകുപ്പ് - ഐ.ടി ഫെലോമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (എ) വകുപ്പ്**

G.O.(Rt)No.188/2023/ITD തീയതി,തിരുവനന്തപുരം, 04-09-2023

---

പരാമർശം:- 1. സ.ഉ.(കൈ)നം. 113/2022/ഐ.ടി.ഡി. തീയതി 09.06.2022

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച 10.04.2023 തീയതിയിലെ നിർദ്ദേശം.

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം സംസ്ഥാനത്ത് ഐടി/ഐടിഇഎസ് മേഖലയിൽ നിക്ഷേപം ആകർഷിക്കുവാൻ സഹായിക്കുന്നതിനായി ഐടി മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ ഐടി കമ്മിറ്റി (എച്ച്പിഐസി) രൂപീകരിച്ച് ഉത്തരവാകുകയുണ്ടായി. സംസ്ഥാനത്തെ വൻകിട നിക്ഷേപത്തിനും ബിസിനസ്സ് വികസനത്തിനുമായി പദ്ധതികൾ ആവിഷ്കരിക്കുവാനും ടാലന്റ്, നയവും അടിസ്ഥാന സൗകര്യവികസനവും നിക്ഷേപവും, ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്, സ്റ്റാർട്ടപ്പുകളും എസ്എംഇകളും എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇതുസംബന്ധിച്ച് HPIC യെ സഹായിക്കുന്നതിനും ഓരോ മേഖലയിലും പ്രത്യേകമായി ഓരോ ഐ.ടി ഫെലോയെ കണ്ടെത്തി നിയമിക്കുന്നതിന് 15/03/2023 തീയതിയിൽ ചേർന്ന രണ്ടാമത് ഹൈപവർ ഐ.ടി കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന്, 4 ഐ.ടി ഫെലോമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം പരാമർശം രണ്ട് പ്രകാരം ടെക്നോപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇനിപ്പറയുന്ന മേഖലകളിൽ, ഓരോ മേഖലയിലും പ്രത്യേകമായി, ഓരോ ഐ.ടി ഫെലോയെ കണ്ടെത്തി പ്രസ്തുത തസ്തികകൾ ടെക്നോപാർക്കിന്റെ ലീനിൽ(lien) നിലനിർത്തി നിയമിക്കുന്നതിന് ടെക്നോപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ടാലന്റ്

2. നയം, അടിസ്ഥാന സൗകര്യവികസനവും നിക്ഷേപവും

3. ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്

4. സ്റ്റാർട്ടപ്പുകളും എസ്എംഇകളും

3. നിയമനത്തിനുള്ള നിബന്ധനകളും, മാനദണ്ഡങ്ങളും, സേവന വേതന വ്യവസ്ഥകളും അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR RATHAN U KELKAR I A S
SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്, കൊച്ചി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സൈബർപാർക്ക്, കോഴിക്കോട്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ് മിഷൻ
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി.ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ
ഡയറക്ടർ, ഐസിഫോസ്
ഡയറക്ടർ, സി-ഡിറ്റ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.സി.ടി. അക്കാഡമി കേരള
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്പെയിസ് പാർക്ക്
രജിസ്ട്രാർ, സർക്കാർ ഐ.ടി. പാർക്കുകൾ
രജിസ്ട്രാർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി
രജിസ്ട്രാർ, ഐ.ഐ.ഐ.ടി.എം.കെ.
ഹൈ പവർ ഐടി കമ്മിറ്റി അംഗങ്ങൾ (Through the CEO, Technopark)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 05-09-2023 11:21:37
സെക്ഷൻ ഓഫീസർ

**അനുബന്ധം**

## യോഗ്യതകളും മാനദണ്ഡങ്ങളും

ഭാരതത്തിലെയോ വിദേശത്തെയോ ഉന്നതമായ ഒരു ബിസിനസ്സ് സ്കൂളിൽ നിന്ന് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവരും, ബിസിനസ്സ് ഡെവലപ്പ്മെന്റ്, ട്രെയ്ഡ് പ്രമോഷൻ, ഇൻവേർഡ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ, ടാലന്റ് മാനേജ്മെന്റ്, ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ്, പോളിസി ഫോർമുലേഷൻ, സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം എന്നിവയിൽ കോർപ്പറേറ്റ്/സർക്കാർ/ എൻ.ജി.ഒ മേഖലകളിൽ ഉള്ള 4 വർഷത്തെ പ്രവർത്തിപരിചയം.

- ഉദ്യോഗാർത്ഥികൾക്ക് മികച്ച വാചിക ആശയവിനിമയ/അവതരണ വൈദഗ്ദ്യം ഉണ്ടായിരിക്കണം
- ഉദ്യോഗാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും, സംസാരിക്കുന്നതിനുമുള്ള പ്രാവീണ്യം ഉണ്ടായിരിക്കണം. ജോലിയുടെ ഭാഗമായി സർക്കാർ നിർദ്ദേശങ്ങളും രേഖകളും പരിശോധിക്കേണ്ടതുള്ളതിനാൽ മലയാളത്തിൽ പ്രവർത്തിപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.
- അഡ്വാൻസ്ഡ് അനലറ്റിക്കൽ സ്കിൽസ്, ഇഫക്ടീവ് ടാസ്ക് മാനേജ്മെന്റ്, പ്രോബ്ലം സോൾവിംഗ് എബിലിറ്റീസ്, ടീമുകളായി ജോലിചെയ്യുന്നതിനുള്ള പരിചയം, വിഭിന്നമായ സ്റ്റേക്ക്ഹോൾഡർ എന്നിവ ഉദ്യോഗാർത്ഥിക്ക് ഉണ്ടായിരിക്കേണ്ടതാണ്.
- ഉദ്യോഗാർത്ഥികൾ ഇന്ത്യൻ പൗരത്വം ഉള്ളവരോ PIO/OCI status ഉള്ളവരോ ആയിരിക്കേണ്ടതാണ്.
- അപേക്ഷിക്കുന്ന അവസരത്തിൽ ഉദ്യോഗാർത്ഥികളുടെ പ്രായം 40 വയസ്സിൽ കൂടാൻ പാടുള്ളതല്ല.

## അഭികാമ്യയോഗ്യതകൾ

- ബിസിനസ്സ് ഡെവലപ്പ്മെന്റ്, ഡെസ്റ്റിനേഷൻ മാർക്കറ്റിംഗ്, പോളിസി ഫോർമുലേഷൻ, ടാലന്റ് മാനേജ്മെന്റ്, സ്റ്റാർട്ടപ്പുകളേയും എസ്എംഇകളേയും

കൈകാര്യം ചെയ്യുക എന്നിവയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവർക്കും പ്രസ്തുത മേഖലയിൽ ജോലി ചെയ്തിട്ടുള്ളവർക്കും മുൻഗണന നൽകാവുന്നതാണ്.

- പബ്ലിക് സർവ്വീസ് ആന്റ് ഡെവലപ്പ്മെന്റ് സെക്ടർ, പ്രത്യേകിച്ച് സർക്കാർ സർവ്വീസിൽ പ്രവർത്തിപരിചയം ഉള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകാവുന്നതാണ്.
- മഹത്തായ നേട്ടങ്ങൾ, മികച്ച അക്കാദമിക് നിർവ്വഹണം, നേതൃത്വപാടവം എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.

## സേവന വേതന വ്യവസ്ഥകൾ

ഐടി ഫെല്ലോകളുടെ കാലാവധി 2 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ആയിരിക്കും. പ്രകടനവും ആവശ്യകതയും അനുസരിച്ച് കരാർ നീട്ടാവുന്നതാണ്. നിയമനം മുഴുവൻ സമയത്തേക്കായിരിക്കും. ഈ കാലയളവിൽ മറ്റ് നിയമനങ്ങൾ ഏറ്റെടുക്കാൻ പാടുള്ളതല്ല. Administrative/logistics-ൽ ഇവർ ടെക്നോപാർക്ക് സി.ഇ.ഒ-യുടെ കീഴിലായിരിക്കും പ്രവർത്തിക്കുക.

1. 24 ലക്ഷം രൂപ വാർഷിക Consolidated pay( മാസം 2 ലക്ഷം രൂപ ) . ആയത് തനത് ഫണ്ടിൽ നിന്നും ടെക്നോപാർക്കും ഇൻഫോപാർക്കും തുല്യമായി വഹിക്കുന്നതാണ്.
2. സ്ഥിരമായ വാർഷിക അടിസ്ഥാന ശമ്പളം : കൺസോളിഡേറ്റഡ് പേയുടെ 70% – വർഷത്തിൽ 16.08 ലക്ഷം രൂപ (അതായത് മാസം 1.4 ലക്ഷം).
3. പെർഫോർമൻസ് അടിസ്ഥാനമാക്കിയുള്ള പ്രതിഫലം : കൺസോളിഡേറ്റഡ് പേയുടെ ബാക്കി 30% HPIC നടത്തുന്ന പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പ്രതിഫലം.

## നിയമനരീതി

Open Advertisement വഴി അപേക്ഷ ക്ഷണിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയ്ക്കായി ഒരു "Scrutiny Committee" - യും തുടർന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും 4 ഐ.ടി ഫെലോകളെ

തെരഞ്ഞെടുക്കുന്നതിനായി ഒരു "Selection Committee" - യും ഉണ്ടായിരിക്കുന്നതാണ്.

രണ്ട് കമ്മിറ്റികളുടെയും ഘടന ഇനിപ്പറയുന്നു.

**Scrutiny committee:**

**i.** ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്

**ii.** ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ് മിഷൻ

**iii.** കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഒരു പ്രതിനിധി

**Selection Committee:**

**i.** സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ്

**ii.** വൈസ് ചാൻസലർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി

iii. ഹൈപവർ ഐ.ടി. കമ്മിറ്റിയിൽ നിന്നുള്ള രണ്ട് അംഗങ്ങൾ